പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1660 — 13-07-2011-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്:

(എ) പഞ്ചായത്ത് തലത്തിൽ കായിക മികവ് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന പഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ പുരോഗതി വിവരം ലഭ്യമാക്കുമോ;

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് പഞ്ചായത്ത് സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തന നയം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ ?

**മറുപടി**

ശ്രീ.കെ.ബി.ഗണേഷ്കുമാർ
(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) ഇതിന്റെ ഭാഗമായി 425 പഞ്ചായത്തുകളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) & (സി) പഞ്ചായത്തുകളിലെ കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) സംസ്ഥാനത്തെ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒറ്റത്തവണ ഗ്രാന്റിന്റെ 75% കേന്ദ്രവും 25% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. കൂടാതെ, പഞ്ചായത്തുകളുടെ സഹകരണത്തോടെ കേരളത്തിലെ മുഴുവൻ കുട്ടികളെയും

നീന്തൽ പഠിപ്പിക്കുക എന്ന് ലക്ഷ്യം മുൻനിർത്തി സമഗ്ര നീന്തൽ പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.ഇതിന്റെ ആദ്യപടി ആയി 100 ഗ്രാമ പഞ്ചായത്തുകളിൽ കുറഞ്ഞ ചെലവിൽ നീന്തൽക്കുളങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തു സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2008-09-ൽ 100 ഗ്രാമ പഞ്ചായത്തുകളിലും, 14 ബ്ലോക്ക് പഞ്ചായത്തുകളിലും പൈലറ്റ് പദ്ധതി നടപ്പിലാക്കി. 2009-10-ൽ പുതിയ 100 ഗ്രാമപഞ്ചായത്തുകളിലേക്കും 15 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും കൂടി ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2010-11-ൽ പുതിയ പഞ്ചായത്തു സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ 100 ഗ്രാമ പഞ്ചായത്തുകളെയും, 14 ബ്ലോക്ക് പഞ്ചായത്തുകളെയും ഉൾക്കൊള്ളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2016-17 നകം ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.